"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - കരാർ വ്യവസ്ഥയിൽ നിയമിച്ച പ്രോഗ്രാമർമാരുടെ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.967/2024/TAXES തീയതി,തിരുവനന്തപുരം, 30-10-2024

---

പരാമർശം:- 1. 10.01.2023-ലെ സ.ഉ.(സാധാ) നം.17/2023/Taxes നമ്പർ ഉത്തരവ്

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 05.10.2024-ലെ SLTY/2013/2022-MOD1 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ വിവിധ ആവശ്യങ്ങൾക്കായി നിലവിൽ ഉപയോഗിച്ചു വരുന്നതും നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ വികസിപ്പിച്ചതുമായ LOTIS (web application), 'Bhagya Keralam' (mobile application), www.letteryagent.kerala.gov.in (web portal) എന്നീ സേവനങ്ങളുടെ ആവശ്യങ്ങൾക്കായി കരാർ വ്യവസ്ഥയിൽ പ്രോഗ്രാമർമാരെ നിയമിക്കുന്നതിന് അനുമതി നല്കിയും ഇതിനായി 20 ലക്ഷം രൂപ അനുവദിച്ചും പരാമർശം (1) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവായിരുന്നു. നിലവിൽ സേവനമനുഷ്ഠിക്കുന്ന 3 പ്രോഗ്രാമർമാരുടെ സേവന കാലാവധി ഒക്ടോബർ 2024-ന് അവസാനിക്കുന്ന സാഹചര്യത്തിൽ, സർക്കാർ അനുവദിച്ച ഫണ്ട് അവസാനിക്കുന്ന മുറക്ക് വകുപ്പിന്റെ ഫണ്ടിൽ നിന്നും ഈടാക്കുന്ന അതേ പ്രതിമാസ വേതനത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന 3 പ്രോഗ്രാമർമാരുടെ സേവനം ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ

നീട്ടുന്നതിന് അനുവാദം നൽകണമെന്ന് പരാമർശം(2) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം അനുവദിച്ച ഫണ്ട് അവസാനിക്കുന്ന മുറയ്ക്ക് ലോട്ടിസ് സോഫ്റ്റ്‌വെയർ മാനേജ് ചെയ്യുന്നതിനായി വകുപ്പിന്റെ ഫണ്ടിൽനിന്നും ഈടാക്കുന്ന അതേ പ്രതിമാസ വേതനത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന 3 പ്രോഗ്രാമർമാരുഅടെ സേവനം ഒരു വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ നീട്ടുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ K**

ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് (വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. ധനകാര്യ വകുപ്പ് (30.10.2024 ലെ 2602127/Exp.B1/550/2023-FIN പ്രകാരം)
6. വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ (TAXES-H1/180/2023-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 30-10-2024 15:50:50

സെക്ഷൻ ഓഫീസർ